(ബി) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതിന്റെ ഫലമായി ജലത്തിന്റെ ലഭ്യത കുറയുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഭൂഗർഭജലം റീചാർജ് ചെയ്യുന്ന പ്രവൃത്തികൾ കേരളത്തിൽ എവിടെയെങ്കിലും നടത്തുന്നുണ്ടോ;

(ഡി) ഭൂഗർഭജലം ഉപയോഗയോഗ്യമാണോ എന്ന് സംസ്ഥാനത്ത് എവിടെയെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) സംസ്ഥാനത്തെ ഭൂഗർഭജല ലഭ്യതയെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി കേന്ദ്ര ഭൂജല ബോർഡും കേരള സംസ്ഥാന ഭൂജല വകുപ്പും ചേർന്ന "ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി" ഭൂഗർഭജല ലഭ്യതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഏറ്റവും അവസാനത്തെ കണക്ക് 1999-ലേതാണ്.

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഭൂഗർഭജലം ഉപയോഗയോഗ്യമാണോ എന്ന് ഭൂജല വകുപ്പ് പരിശോധന നടത്താറുണ്ട്. ഭൂജല വകുപ്പ് നിർമ്മിക്കുന്ന കിണറുകളിലെ ജലവും പൊതുജനങ്ങളുടെ ആവശ്യപ്രകാരം മറ്റുള്ള സ്ഥലങ്ങളിലെ ഭൂഗർഭജലവും പരിശോധന നടത്താറുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കൽ

*16 [46] ശ്രീ. എ. എ. അസീസ്:

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഇതിനകം എന്ത് നടപടികൾ സ്വീകരിച്ചു;

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കനാലുകൾ തുറന്നുവിടുന്നത് ഏതെല്ലാം കാലയളവിലാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ആയതിലേക്ക് ഇതിനകം എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) കനാലുകളുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) വാട്ടർ അതോറിറ്റിക്കു ലഭിച്ച കേന്ദ്രവരൾച്ചാ ദുരിതാശ്വാസ ഫണ്ടും ജില്ലാ കളക്ടറുടെ ദുരിതാശ്വാസ ഫണ്ടും ഉപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരൾച്ചക്കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലസ്രോതസ്സുകൾ നവീകരിക്കുക, കേടായ മോട്ടോറുകൾ പുനഃസ്ഥാപിക്കുക, മോട്ടോറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, പമ്പിംഗ് സമയം ദീർഘിപ്പിക്കുക, താല്ക്കാലിക തടയണകൾ കെട്ടി സ്രോത സ്സുകളിലെ ജലവിതാനം ഉയർത്തുക, പൈപ്പ്ലൈൻ നീട്ടുക, കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുക, ഗ്യാലറികളുടെ പുനരുദ്ധാരണം നടത്തുക, കുഴൽ ക്കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, പുതിയ കുഴൽക്കിണർ കുഴിക്കുക തുടങ്ങിയ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. വരൾച്ചക്കാലത്തിന് മുമ്പ് പൂർത്തീ കരിക്കുവാൻ കഴിയുന്ന പദ്ധതികൾ പൂർണ്ണമായോ ഭാഗികമായോ സമയ ബന്ധിതമായി പൂർത്തീകരിച്ച് ശുദ്ധജലവിതരണം ചെയ്യുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമീണ സ്കൂളുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതികൾ, മഴവെള്ള സംഭരണപദ്ധതികൾ എന്നിവയും നടപ്പാക്കിവരുന്നു.

(ബി) കുടിവെള്ള ആവശ്യത്തിനു മാത്രമായി കനാലുകൾ തുറന്നുവിടാറില്ല.

(സി) ബാധകമല്ല.

(ഡി) ജലസേചനത്തിനായി കനാലുകളുടെ അറ്റകുറ്റപ്പണികൾ ധനലഭ്യത യനുസരിച്ച് നടത്തുന്നുണ്ട്.

സഹകരണ സംഘങ്ങളിലൂടെ നടപ്പിലാക്കിയ മഴവെള്ള പദ്ധതികൾ

*17 [47] ശ്രീ. സി. പി. മുഹമ്മദ്:

„ എം. മുരളി:

„ എം. കെ. പോൾസൺ മാസ്റ്റർ:

„ എ. സുജനപാൽ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴവെള്ള സംഭരണപദ്ധതികൾ സഹകരണ സംഘ ങ്ങളിലൂടെ നടപ്പാക്കുകയുണ്ടായോ;

(ബി) എങ്കിൽ ഈ പദ്ധതി എത്ര സഹകരണസംഘങ്ങളിലൂടെ നടപ്പാക്കി എന്ന് പറയുമോ;

(സി) സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കിയ മഴവെള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly